# അദ്ധ്യായം 2: പ്രാദേശിക ഭാഷകൾ

## *345. സംസ്ഥാന ഭാഷയും, ഔദ്യോഗിക ഭാഷയും.*

**ചോ; സംസ്ഥാനത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കുവേണ്ടി സംസ്ഥാനം വഴി ഉപയോഗിക്കേണ്ടതായ ഭാഷ എന്താണ്?**

ഉ: ഓരോ സംസ്ഥാനത്തിന്റെയും എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കുമായോ ചില ആവശ്യങ്ങൾക്ക് മാത്രമായോ ഒരു ഭാഷ അഥവാ ഒന്നിലധികം ഭാഷകൾ ഉപയോഗിക്കുന്നതു സംബന്ധിച്ച്, ഹിന്ദിയോ, അല്ലെങ്കിൽ അന്തതുസംസ്ഥാനത്തിലെ, നിയമസഭയ്ക്ക് ഭരണഘടനയുടെ 345-ാംവകുപ്പ് അധികാരം നൽകിയിട്ടുണ്ട്.

**ചോ; ഭരണഘടനയുടെ പെട്ടെന്നുള്ള ആവിർഭാവത്തിനുമുമ്പ് സംസ്ഥാനത്തിലെ ഔദ്യോഗിക ലക്ഷ്യത്തിനു വേണ്ടി എത്രകാലം ഇംഗ്ലീഷ് ഭാഷ പിൻതുടർന്നു?**

ഉ: സംസ്ഥാന നിയമനിർമ്മാണ സഭയുടെ നിയമനിർമ്മാണം വരെ ഈ ഭാഷ പിൻതുടർന്നു വന്നു.

## *346. ഒരു സംസ്ഥാനവും മറ്റൊരു സംസ്ഥാനവും തമ്മിലുള്ള അല്ലെങ്കിൽ സംസ്ഥാനവും യൂണിയനും തമ്മിലുള്ള ബന്ധത്തിന് അഥവാ സമ്പർക്കത്തിന് വേണ്ടിയുള്ള ഔദ്യോഗിക ഭാഷ.*

**ചോ: ഇതിനുള്ള ഔദ്യോഗിക ഭാഷ എന്താണ്?**

ഉ: അതാതു കാലങ്ങളിൽ ആധികാരികമാക്കപ്പെട്ട ഭാഷയാണ് ഇതിനു വേണ്ടിയുള്ളത്.

**ചോ; സംസ്ഥാനങ്ങൾ തമ്മിലുള്ള ബന്ധത്തിനു**

**വേണ്ടി ഹിന്ദി ഔദ്യോഗിക ഭാഷയായി ഉപയോ ക്കാമോ?**

ഉ; രണ്ടോ മൂന്നോ സംസ്ഥാനങ്ങൾ; സംസ്ഥാനങ്ങൾ തമ്മിലുള്ള ബന്ധത്തിനുവേണ്ടി ഹിന്ദി ഔദ്യോഗിക ഭാഷയായി സമ്മതിച്ചാൽ ഔദ്യോഗിക ബന്ധത്തിനും ഇത് ഉപേക്ഷിക്കാൻ സാധിക്കുന്നു.

## 347. സംസ്ഥാനത്തിലെ ജനസംഖ്യാ വിഭാഗത്താൽ ഒരു പ്രത്യേക ഭാഷയെ അംഗീകരിക്കുന്നതിനുള്ള നടപടികൾ

ചോ: **ഇതനുസരിച്ച് 347-ാം വകുപ്പുപ്രകാരം ഏതെങ്കിലും ഒരു പ്രത്യേക ഭാഷയെ സംസ്ഥാനത്തിനുമുഴുവനുമായോ, ഭാഗികമായോ അംഗീകരിക്കുവാൻ ഉപദേശിക്കുവാനധികാരമുണ്ടോ?**

ഉ; ഉണ്ട്.

ചോ: **എപ്പോഴാണ് രാഷ്ട്രപതിക്ക് ഇങ്ങനെയൊരു അവതരണത്തിനു സാദ്ധ്യമാകുന്നത്?**

ഉ: ഇക്കാര്യത്തിൽ സംസ്ഥാനത്തിലെ ജനസംഖ്യയുടെ ഒരു വിഭാഗവും, അതിനെ സ്വാഗതം ചെയ്യുന്നുവെന്നു കാണിക്കുന്ന ഒരു നിവേദനം അദ്ദേഹത്തിനു ലഭിക്കേണ്ടതാണ്. അത് അദ്ദേഹത്തിന് തൃപ്തികരമായിത്തോന്നുമ്പോഴുമാണ് ഈ അവതരണത്തിന് സാധ്യമാകുന്നത്.

# അദ്ധ്യായം 3: സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ഭാഷ

## 348. ഓരോ നിയമങ്ങൾക്കും ബില്ലുകൾക്കും വേണ്ടി സുപ്രീം കോടതിയിലും ഹൈക്കോടതിയിലും ഉപയോഗിക്കുന്ന ഭാഷ

**ചോ: ഓരോ നിയമങ്ങൾക്കും, ബില്ലുകൾക്കും വേണ്ടി സുപ്രീംകോടതിയിലും ഹൈക്കോടതയിലും എന്ത് ഔദ്യോഗിക ഭാഷയാണ് ഉപയോഗിക്കുന്നത്?**

ഉ: താഴെ കാണുന്ന ആവശ്യങ്ങൾക്കായി നാളുകൾ എററ കഴിഞ്ഞാലും പാർലമെൻറ് അങ്ങിനെ നിശ്ചയിക്കുകയാണെങ്കിൽ ഇംഗ്ലീഷ് ഭാഷ നിലനിർത്തുവാനുള്ള ഒരു പ്രത്യേകവ്യവസ്ഥയുണ്ട്.

a) സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും നടപടികളുടെ ആവശ്യത്തിന്.

b) ഭരണഘടനയനുസരിച്ചോ, മററു നിയമങ്ങൾക്ക് വിധേയമായോ പുറപ്പെടുവിക്കുന്ന ബില്ലുകൾ, ആക്ററുകൾ, ഓർഡിനൻസുകൾ, ഉത്തരവുകൾ, നിയമങ്ങൾ റെഗുലെഷനുകൾ എന്നിവയുടെ ആവശ്യത്തിന് എന്തെങ്കിലും പാർലമെൻറിന് ആവശ്യമെന്ന് തോന്നിയാൽ കോടതികളിൽ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നത് 15 വർഷം കഴിയുമ്പോൾ നിർത്തലാക്കാനും അധികാരമുണ്ട്. അതിനു മുമ്പ് തന്നെ രാഷ്ട്രപതി അനുവദിക്കുകയാണെങ്കിൽ ഹൈക്കോടതിയിലെ നടപടികൾക്ക് പ്രാദേശിക ഭാഷയോ, ഹിന്ദിയോ, ഉപയോഗിക്കാവുന്നതാണ്.

**ചോ: സംസ്ഥാന ഗവർണ്ണർക്ക് ആ സംസ്ഥാനത്തിലെ ഹൈക്കോടതിയിലെ മുഖ്യമായ സീററ് നടപടികളിൽ സംസ്ഥാനത്തിൻെറ ഏതെങ്കിലും ഔദ്യോഗിക ലക്ഷ്യത്തിനുവേണ്ടിയോ,ഹിന്ദിയുടെ ഉപയോഗത്തിനുവേണ്ടിയോ അധികാരപ്പെടുത്താമൊ?**

ഉ: സംസ്ഥാനത്തിലെ ഗവർണർക്ക് രാഷ്ട്രപതിയുടെ മുൻ അനുമതികൊണ്ട് ഹൈക്കോടതിയിലെ നടപടികളിൽ ഹിന്ദിയുടെ ഉപയോഗത്തിന് അധികാരപ്പെടുത്താവുന്നതാണ്.

ചോ: ഹൈക്കോടതിയാൽ പാസ്സാക്കപ്പെട്ടതോ, നിർണ്ണീതമായതോ ആയ കല്പനയോ, വിധിയോ അന്ത്യവിധിയോ മുകളിലുള്ള വകുപ്പിന് ബാധകമാണോ?

ഉ: ഇല്ല

**349. ഭാഷയെക്കുറിച്ചുള്ള ചില നിയമ നിർമ്മാണത്തിനു വേണ്ടിയുള്ള പ്രത്യേക നടപടികൾ.**

ചോ: രാഷ്ട്രപതിയുടെ മുൻ അനുമതി കൂടാതെ 348-ാം വകുപ്പിൽ 1-ാം പട്ടികയിൽ പ്രതിപാദിച്ചതായ ഏതെങ്കിലും ലക്ഷ്യത്തിന് വേണ്ടി ഉപയോഗിക്കുന്നതായ ഭാഷയ്ക്ക് വേണ്ടി ഉണ്ടാക്കുന്ന നടപടിയോ, ഭേദഗതിയോ ഏതെങ്കിലും ഒരു ബില്ലിൽ നിന്ന് പാർലമെൻറിലെ ഇരു സഭകളും എത്ര കാലത്തേക്കാണ് തടയപ്പെട്ടിട്ടുള്ളത്?

ഉ: ഭരണഘടന നിലവിൽ വന്നതിൽ നിന്നും 15 വർഷത്തേക്കാണ്.

ചോ: ഏതെങ്കിലും ഒരു ഭേദഗതിക്കോ, ബില്ലിനോ അനുമതിരേഖപ്പെടുത്തുന്നതിന് മുമ്പ് രാഷ്ട്രപതിയാൽ പരിഗണിക്കേണ്ടത് എന്താണ്?

ഉ: ഭാഷയെക്കുറിച്ചുള്ള ഏതെങ്കിലും ഒരു ഭേദഗതിക്കോ ബില്ലിനോ, അനുമതി രേഖപ്പെടുത്തുന്നതിന് മുമ്പ് 344-ാം വകുപ്പിൽ 1-ാം പട്ടികപ്രകാരം രൂപവൽക്കരിക്കപ്പെട്ട കമ്മീഷൻെറ ശിപാർശയെ അദ്ദേഹം പരിഗണിക്കുകയും, ഈ വകുപ്പിൽ 4-ാം പട്ടികപ്രകാരം രൂപവൽക്കരിക്കപ്പെട്ട കമ്മററിയുടെ റിപ്പോർട്ടും അദ്ദേഹം പരിഗണിക്കണം.

# അദ്ധ്യായം 4: പ്രത്യേക നിർദ്ദേശങ്ങൾ

## 350. ആവലാതികൾക്കു വേണ്ടിയുള്ള പ്രാതിനിധ്യത്തിൽ ഉപയോഗിക്കേണ്ടതായ ഭാഷ:-

**ചോ: ഒരു വ്യക്തിക്ക് ഏതെങ്കിലും സംസ്ഥാനത്തിലെയോ യൂണിയനിലെയോ, ഉദ്യോഗസ്ഥന്റെയോ, അധികാരിയുടെയോ മുമ്പിൽ ഏതു ഭാഷയിലാണ് തന്റെ ആവലാതി ബോധിപ്പിച്ചതിന് നടപടി എടുക്കാത്തത് സംബന്ധിച്ച് നിവേദനം സമർപ്പിക്കുവാൻ അവകാശമുള്ളത്?**

ഉ: എല്ലാ വ്യക്തിക്കും ഏതെങ്കിലും സംസ്ഥാനത്തിലെയോ, യൂണിയനിലോ, ഉദ്യോഗസ്ഥന്റെയോ, അധികാരിയുടെയോ, മുമ്പിൽയൂണിയനിലോ, സംസ്ഥാനത്തിലോ, ഉപയോഗിക്കുന്ന ഏതെങ്കിലും ഭാഷയിൽ തന്റെ ആവലാതി ബോധിപ്പിച്ചതിന് മറുപടി എടുക്കുന്നത് സംബന്ധിച്ച് നിവേദനം സമർപ്പിക്കുവാൻ അവകാശമുണ്ട്.

## 350A. പ്രാഥമിക സ്റ്റേജിലെ മാതൃഭാഷയിൽ ഉപദേശത്തിനുവേണ്ടിയുള്ള സൗകര്യങ്ങൾ:-

**ചോ; മാതൃഭാഷയിലെ ഉപദേശത്തിന് വേണ്ടിയുള്ള സൗകര്യത്തിനെ കുറിച്ച് സംസ്ഥാനത്തിലെ ലോക്കൽ അതോറിററിയുടെയും സംസ്ഥാനങ്ങളുടെയും കടമ എന്താണ്?**

ഉ: ഭാഷ ന്യൂനപക്ഷക്കാരായ ജനങ്ങളുടെ കുട്ടികൾക്ക് അവരുടെ മാതൃഭാഷയിൽ പ്രൈമറി വിദ്യാഭ്യാസം ലഭിക്കാൻ വേണ്ടത്ര സൗകര്യങ്ങൾ നൽകുക എന്നത് ഓരോ സംസ്ഥാനത്തിന്റെയും ആ സംസ്ഥാനത്തിനകത്തുള്ള ഓരോ പ്രാദേശിക ഭരണസ്ഥാപനത്തിന്റെയും

കടമയായിരിക്കും.

ചോ: ഇതിന്റെ നേട്ടത്തിനുവേണ്ടി ഏതെങ്കിലും സംസ്ഥാനത്തിലേക്ക് രാഷ്ട്രപതിക്ക് അവതരണം പുറപ്പെടുവിക്കാനാവുമോ?

ഉ: ആ സൗകര്യങ്ങളുടെ സുരക്ഷിതത്വം നടപടിക്കുവേണ്ടി ശരിയായതും അത്യാവശ്യമാണെന്നും രാഷ്ട്രപതി പരിഗണിക്കുകയാണെങ്കിൽ ഏതൊരു സംസ്ഥാനത്തിലേയ്ക്കും രാഷ്ട്രപതിക്ക് അവതരണം പുറപ്പെടുവിക്കാവുന്നതാണ്.

## 350B. ഭാഷാന്യൂന പക്ഷങ്ങൾക്കുവേണ്ടി സ്പെഷ്യൽ ഓഫീസർ:-

ചോ: ഭാഷാന്യൂനപക്ഷങ്ങൾക്ക് വേണ്ടി സ്പെഷ്യൽ ഓഫീസർ ഉണ്ടോ?

ഉ: ഉണ്ട്.

ചോ: ആരാണ് അദ്ദേഹത്തെ നിയോഗിക്കാൻ ആധികാരികമായി അവകാശപ്പെട്ടത്?

ഉ: രാഷ്ട്രപതി

ചോ: സ്പെഷ്യൽ ഓഫീസറുടെ കടമ എന്താണ്?

ഉ: ഭരണഘടനയനുസരിച്ച് ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നൽകിയിട്ടുള്ള സംരക്ഷണങ്ങൾ സംബന്ധിച്ച് എല്ലാ കാര്യങ്ങളും അന്വേഷിക്കേണ്ടതും പതിവായി രാഷ്ട്രപതിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും ഈ സ്പെഷ്യൽ ഓഫീസറുടെ കടമയാണ്.

ചോ: രാഷ്ട്രപതിയുടെ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിനെ കുറിച്ച് അദ്ദേഹത്തിന്റെ ഉത്തരവാദിത്വം എന്താണ്?

ഉ:- ഇദ്ദേഹത്തിന്റെ റിപ്പോർട്ടുകൾ പാർലമെന്റിന്റെ

# അദ്ധ്യായം 4: പ്രത്യേക നിർദ്ദേശങ്ങൾ

## *350. ആവലാതികൾക്കു വേണ്ടിയുള്ള പ്രാതിനിധ്യത്തിൽ ഉപയോഗിക്കേണ്ടതായ ഭാഷ:-*

**ചോ: ഒരു വ്യക്തിക്ക് ഏതെങ്കിലും സംസ്ഥാനത്തിലെയോ യൂണിയനിലെയോ, ഉദ്യോഗസ്ഥന്റെയോ, അധികാരിയുടെയോ മുമ്പിൽ ഏതു ഭാഷയിലാണ് തന്റെ ആവലാതി ബോധിപ്പിച്ചതിന് നടപടി എടുക്കാത്തത് സംബന്ധിച്ച് നിവേദനം സമർപ്പിക്കുവാൻ അവകാശമുള്ളത്?**

ഉ: എല്ലാ വ്യക്തിക്കും ഏതെങ്കിലും സംസ്ഥാനത്തിലെയോ, യൂണിയനിലോ, ഉദ്യോഗസ്ഥന്റെയോ, അധികാരിയുടെയോ, മുമ്പിൽയൂണിയനിലോ, സംസ്ഥാനത്തിലോ, ഉപയോഗിക്കുന്ന ഏതെങ്കിലും ഭാഷയിൽ തന്റെ ആവലാതി ബോധിപ്പിച്ചതിന് മറുപടി എടുക്കുന്നത്. സംബന്ധിച്ച് നിവേദനം സമർപ്പിക്കുവാൻ അവകാശമുണ്ട്.

## *350A. പ്രാഥമിക സ്റ്റേജിലെ മാതൃഭാഷയിൽ ഉപദേശത്തിനുവേണ്ടിയുള്ള സൗകര്യങ്ങൾ:-*

**ചോ; മാതൃഭാഷയിലെ ഉപദേശത്തിന് വേണ്ടിയുള്ള സൗകര്യത്തിനെ കുറിച്ച് സംസ്ഥാനത്തിലെ ലോക്കൽ അതോറിററിയുടെയും സംസ്ഥാനങ്ങളുടെയും കടമ എന്താണ്?**

ഉ: ഭാഷ ന്യൂനപക്ഷക്കാരായ ജനങ്ങളുടെ കുട്ടികൾക്ക് അവരുടെ മാതൃഭാഷയിൽ പ്രൈമറി വിദ്യാഭ്യാസം ലഭിക്കാൻ വേണ്ടത്ര സൗകര്യങ്ങൾ നൽകുക എന്നത് ഓരോ സംസ്ഥാനത്തിന്റെയും ആ സംസ്ഥാനത്തിനകത്തുള്ള ഓരോ പ്രാദേശിക ഭരണസ്ഥാപനത്തന്റെയും

കടമയായിരിക്കും

**ചോ: ഇതിൻെറ നേട്ടത്തിനുവേണ്ടി ഏതെങ്കിലും സംസ്ഥാനത്തിലേക്ക് രാഷ്ട്രപതിക്ക് അവതരണം പുറപ്പെടുവിക്കാനാവുമോ?**

ഉ: ആ സംഗതികളുടെ സുരക്ഷിതത്വ നടപടിക്കുവേണ്ടി ശരിയായതും അത്യാവശ്യമാണെന്നും രാഷ്ട്രപതി പരിഗണിക്കുകയാണെങ്കിൽ ഏതൊരു സംസ്ഥാനത്തിലേയ്ക്കും രാഷ്ട്രപതിക്ക് അവതരണം പുറപ്പെടുവിക്കാവുന്നതാണ്.

## *350B. ഭാഷാന്യൂന പക്ഷങ്ങൾക്കുവേണ്ടി സ്പെഷ്യൽ ഓഫീസർ:-*

**ചോ: ഭാഷാന്യൂനപക്ഷങ്ങൾക്ക് വേണ്ടി സ്പെഷ്യൽ ഓഫീസർ ഉണ്ടോ?**

ഉ: ഉണ്ട്.

**ചോ: ആരാണ് അദ്ദേഹത്തെ നിയോഗിക്കാൻ ആധികാരികമായി അവകാശപ്പെട്ടത്?**

ഉ: രാഷ്ട്രപതി.

**ചോ: സ്പെഷ്യൽ ഓഫീസറുടെ കടമ എന്താണ്?**

ഉ: ഭരണഘടനയനുസരിച്ച് ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നൽകിയിട്ടുള്ള സംരക്ഷണങ്ങൾ സംബന്ധിച്ച് എല്ലാ കാര്യങ്ങളും അന്വേഷിക്കേണ്ടതും പതിവായി രാഷ്ട്രപതിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും ഈ സ്പെഷ്യൽ ഓഫീസറുടെ കടമയാണ്.

**ചോ: രാഷ്ട്രപതിയുടെ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിനെ കുറിച്ച് അദ്ദേഹത്തിൻെറ ഉത്തരവാദിത്വം എന്താണ്?**

ഉ:- ഇദ്ദേഹത്തിൻെറ റിപ്പോർട്ടുകൾ പാർലമെൻറിൻെറ

ഇരുസഭകളിലേയ്ക്കും വയ്ക്കേണ്ടതും അവസാനം അവയെ ബന്ധപ്പെട്ട സംസ്ഥാന ഗവൺമെൻറുകൾക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

### 351. ഹിന്ദി ഭാഷയെ വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ.

ചോ: **ഹിന്ദി ഭാഷയെ വ്യാപകമായി വളർത്തേണ്ട കടമ ആർക്കാണ്?**

ഉ: യൂണിയൻെറ കടമയാണ് ഹിന്ദി ഭാഷയെ വ്യാപകമായി വളർത്തേണ്ടത് ഹിന്ദിഭാഷയെ സമ്പൽസമൃദ്ധമാക്കുന്നതിനും, വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗത്തിൽ ഇംഗ്ലീഷുൾപ്പെടെ മററു ഭാഷകളിൽ നിന്നും വേണ്ടത് സ്വീകരിക്കുന്നതിൽ തടസ്സമൊന്നു തന്നെയില്ല.

## ഭാഗം 18: അടിയന്തരാവസ്ഥ

### 352. അടിയന്തരാവസ്ഥാ വിളംബരം.

ചോ: **എപ്പോഴാണ് രാഷ്ട്രപതിക്ക് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ സാധിക്കുന്നത്?**

ഉ: ഇന്ത്യയുടെ സുരക്ഷിതത്വത്തെ അടിസ്ഥാനമാക്കി ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് യുദ്ധമോ, പുറത്തുനിന്നുള്ള ആക്രമണമോ, ആന്തരിക വിപ്ലവമോ ഉണ്ടെന്ന് ബോധ്യമായാൽ രാഷ്ട്രപതിക്ക് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാവുന്നതാണ്.

ചോ: **എങ്ങനെയാണ് രാഷ്ട്രപതിക്ക് അടിയന്തരാവസ്ഥാവിളംബരം ചെയ്യാൻ സാധിക്കുന്നത്?**

ഉ: വിളംബരത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പോലെ ഇന്ത്യ ഒട്ടാകെയും ഇന്ത്യയിലെ ഏതെങ്കിലും ഒരു ഭാഗത്തും രാഷ്ട്രപതിക്ക് അടിയന്തരാവസ്ഥ പ്രഖ്യാപിക്കുവാൻ സാധിക്കുന്നു

ചോ: **യുദ്ധത്തിൻേറയോ പുറത്തു നിന്നുള്ള ആക്രമണത്തിൻേറയോ, ആന്തരിക വിപ്ലവത്തി**

ന്റെയോ മുമ്പായി അടിയന്തരാവസ്ഥ വിളംബരം ചെയ്യാൻ സാധിക്കുമോ?

ഉ: രാജ്യത്തിൽ ഒരു അപകടം പതിയിരിക്കുന്നതിനെ കുറിച്ച് രാഷ്ട്രപതി സംതൃപ്തനാകുകയാണെങ്കിൽ യുദ്ധത്തിന്റെയോ, പുറത്തു നിന്നുള്ള ആക്രമണത്തിന്റെയോ, ആന്തരിക വിപ്ലവത്തിന്റെയോ, മുമ്പായി അടിയന്തരാവസ്ഥ വിളംബരം ചെയ്യാൻ രാഷ്ട്രപതിക്ക് സാധിക്കുന്നു.

ചോ: തുടർന്നുള്ള മറെറാരു പ്രഖ്യാപനത്താൽ ആ അടിയന്തരാവസ്ഥ പ്രഖ്യാപനം തടയാനോ മാററാനോ സാധിക്കുമോ?

ഉ: ഉണ്ട്.

ചോ: യൂണിയൻ ക്യാബിനററുമാരുടെ അംഗീകാരം കൂടാതെ രാഷ്ട്രപതിക്ക് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാമോ?

ഉ: സാധ്യമല്ല. അങ്ങനെയൊരു വിളംബരം നടത്തുന്നതിൽ യൂണിയൻ ക്യാബിനററു കൂടി ബന്ധപ്പെട്ട് എഴുതി കൊടുത്തിരിക്കണം.

ചോ: അടിയന്തരാവസ്ഥ പ്രഖ്യാപനത്തിനുശേഷം രാഷ്ട്രപതി എന്താണ് ചെയ്യേണ്ടത്?

ഉ: ഈ വകുപ്പ് പ്രകാരം വിളംബരം ചെയ്യപ്പെട്ടതായ എല്ലാ അടിയന്തരാവസ്ഥയും പാർലമെൻറിലെ ഇരു സഭകളുടെയും മുമ്പാകെ എത്തിയിരിക്കണം.

ചോ: ഒരു അടിയന്തരാവസ്ഥ പ്രഖ്യാപനത്തിന്റെ പ്രവർത്തനം നിർത്തലാക്കുന്നതെപ്പോഴാണ്?

ഉ: ഒരുമാസകാലാവധിക്കോ, ഈ കാലാവധി തീരുന്നതിനു മുമ്പോ, ഈ പ്രമേയം പാർലമെൻറിലെ ഇരുസഭകളാലും അംഗീകരിക്കപ്പെടുന്നില്ലെങ്കിൽ ഇതിന്റെ

പ്രവർത്തനം നിയമപരമായി നിലനിൽക്കുന്നില്ല.

**ചോ: പ്രഖ്യാപനസമയത്ത് ലോകസഭ പിരിച്ചുവിടുമ്പോൾ എന്താണ് സംഭവിക്കുന്നത്?**

ഉ: ഈ അവസ്ഥയിൽ അടിയന്തരാവസ്ഥയുടെ പ്രഖ്യാപനം രാജ്യസഭയിൽ വെയ്ക്കേണ്ടതാണ്. രാജ്യസഭ അത് പാസ്സാക്കുന്നെങ്കിൽ പുതിയ ലോകസഭ കൂടി 30 ദിവസത്തിനകം അത് അംഗീകരിക്കേണ്ടതാണ്.

**ചോ: ഈ പ്രഖ്യാപനം നിർത്തലാക്കുന്നതിനായി പാർലമെൻറിലെ ഇരു സഭകളുടെയും അംഗീകാരം കിട്ടുന്നത് എപ്പോഴാണ്?**

ഉ: പ്രഖ്യാപനത്തിനെ അംഗീകരിച്ചുള്ള രണ്ടാമത്തെ പ്രമേയം പാസ്സാക്കുന്ന തീയതികളിൽ നിന്നും 6 മാസത്തെ കാലാവധി വരെ ഈ പ്രഖ്യാപനം നിർത്തലാക്കുന്നതിനായി ഇരുസഭകളുടെയും അംഗീകാരം കിട്ടുന്നു.

**ചോ: ഇത് നിർത്തലാക്കിയ തീയതിയിൽ നിന്നും വീണ്ടും 6 മാസത്തേക്കു കൂടി ഈ പ്രഖ്യാപനം നീട്ടി വെയ്ക്കാമോ?**

ഉ: ഉവ്വ്.

**ചോ: ഈ വകുപ്പ് പ്രകാരം രാഷ്ട്രപതിക്ക് വിളംബരം ചെയ്യപ്പെട്ട അടിയന്തരാവസ്ഥ തടയാമോ?**

ഉ: എന്തൊരു സമയത്തും ലോക സഭയിലെ തീരുമാനം അംഗീകാരമില്ലാത്തതായി ഈ വിളംബരത്തിൻമേൽ പ്രാബല്യത്തിൽ വരുമ്പോൾ രാഷ്ട്രപതി വിളംബരം ചെയ്യപ്പെട്ട അടിയന്തരാവസ്ഥ തടയാവുന്നതാണ്.

**ചോ: രാഷ്ട്രപതിയും സ്പീക്കറും ഒരു നോട്ടീസ് സ്വീകരിക്കുമ്പോൾ ചെയ്യേണ്ടത് എന്തെല്ലാമാണ്?**

ഉ: ങ്ങൾക്ക് നോട്ടീസ് കിട്ടിയതിനു 14 ദിവസത്തിനുള്ളിൽ ആ പ്രമേയത്തെ പരിഗണിക്കുന്നതിന്റെ ലക്ഷ്യത്തിനുവേണ്ടി ഒരു പ്രത്യേക യോഗം വിളിച്ചു കൂട്ടേണ്ടതാണ്,

ചോ: **വ്യത്യസ്ഥകാരണങ്ങളിൽ വ്യത്യസ്ഥ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിനുള്ള അധികാരം രാഷ്ട്രപതിക്കുണ്ടോ?**

ഉ: ബാഹ്യാക്രമണമോ, ഉപദ്രവങ്ങളോ, ആന്തരിക വിപ്ലവമോ, ഉണ്ടാകുന്നതിനു മുമ്പും ആപത്ശങ്ക രാഷ്ട്രപതിക്ക് ബോധ്യമായാൽ ഏതൊരുസ്ഥലത്തും ഏതൊരുതരത്തിലുള്ള അടിയന്തരാവസ്ഥയും രാഷ്ട്രപതിക്ക് പ്രഖ്യാപിക്കാവുന്നതാണ്.

## 353. അടിയന്തരാവസ്ഥ പ്രഖ്യാപനത്തിന്റെ ഫലം

ചോ: **അടിയന്തരാവസ്ഥ പ്രഖ്യാപനത്തിന്റെ ഫലമെന്താണ്?**

ഉ: a കേന്ദ്രത്തിന്റെ എക്സിക്യൂട്ടിവ് അധികാരം അടിയന്തരാവസ്ഥനിലവിലുള്ള എല്ലാ സംസ്ഥാന എക്സിക്യൂട്ടിവിന്റെയും അധികാര സീമകളിലേക്ക് വ്യാപിക്കുന്നു പിന്നീട് സംസ്ഥാനലിസ്റ്റിൽ കൊടുത്തിട്ടുള്ള ഇനങ്ങളിലേക്ക് പാർലമെന്റിന്റെ നിയമനിർമ്മാണ അധികാരം വ്യാപിക്കും.

b) ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ച് സംസ്ഥാനങ്ങൾക്ക് നല്കേണ്ട തുകയുടെ വിതരണം ഉത്തരവുമൂലം തടയുന്നതിനും, നിയന്ത്രിക്കുന്നതിനും, രാഷ്ട്രപതിക്കധികാരമുണ്ടായിരിക്കും.

## 354 അടിയന്തരാവസ്ഥ വിളംബരം പ്രവർത്തനം ചെയ്യുമ്പോൾ റവന്യൂവിതരണത്തെക്കുറിച്ചുള്ള നടപടിയുടെ അപേക്ഷ:-

ചോ: 268 മുതൽ 279 വരെയുള്ള വകുപ്പുകളുടെ നടപടിയെയും റവന്യൂ വിതരണത്തെയും കുറിച്ചുള്ള പ്രത്യേകസമയ കാലയളവിനുവേണ്ടി അടിയന്തരാവസ്ഥ വിളംബരം ചെയ്യാൻ രാഷ്ട്രപതിക്ക് സാധിക്കുമോ?

ഉ: ഉവ്വ്.

*355. ബാഹ്യാക്രമങ്ങളിൽ നിന്നും ആന്തരിക വിപ്ലവത്തിൽ നിന്നും എതിരായി സംസ്ഥാനത്തെ സംരക്ഷിക്കുന്നത് ആരുടെ കടമയാണ്.*

ചോ. ബാഹ്യാക്രമങ്ങളിൽ നിന്നും ആന്തരിക വിപ്ലവത്തിൽ നിന്നും എതിരായി സംസ്ഥാനത്തെ സംരക്ഷിക്കുന്നത് ആരുടെ കടമയാണ്?

ഉ; ബാഹ്യാക്രമങ്ങളിൽ നിന്നും ആന്തരിക വിപ്ലവത്തിൽ നിന്നും എതിരായി സംസ്ഥാനത്തെ സംരക്ഷിക്കുന്നതിനുള്ള കടമ യൂണിയന്റേതാണ്.

*356. സംസ്ഥാനങ്ങളിൽ ഭരണഘടന പരമായ പരാജയ കാര്യങ്ങളിലുള്ള നടപടികൾ–*

ചോ: ഏതെങ്കിലും സംസ്ഥാന ഗവൺമെന്റിന് ഭരണഘടനയുടെ വ്യവസ്ഥകൾ അനുസരിച്ച് മുന്നോട്ട് പോകാൻ സാധ്യമല്ലെന്ന് ഗവർണറുടെ റിപ്പോർട്ട് മൂലമോ അല്ലാതെയോ രാഷ്ട്രപതിക്ക് ബോധ്യമായാൽ എന്താണ് ചെയ്യേണ്ടത്?

ഉ: ആ അവസ്ഥയിൽ സംസ്ഥാനത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിക്കണം. അതിന്റെ ഫലമായി

a) രാഷ്ട്രപതിക്ക് സംസ്ഥാനത്തിന്റെ എല്ലാ പ്രവർത്തനങ്ങളുമോ, അല്ലെങ്കിൽ ഏതാനും ഭരണകാര്യങ്ങളോ

സ്വയം ഏറ്റെടുക്കുകയോ, ഗവർണറെയോ മറ്റേതെങ്കിലും എക്സിക്യൂട്ടീവ് അധികാരിയെയോ ഏല്പിക്കുകയോ ചെയ്യാം.

b) സംസ്ഥാനനിയമ സഭയുടെ അധികാരങ്ങൾ പാർലമെൻറിന് വിട്ടുകൊടുത്തിരിക്കുന്നതായി പ്രഖ്യാപിക്കാം

c) പ്രഖ്യാപനത്തിന്റെ ലക്ഷ്യങ്ങളെ സഫലീകരിക്കുവാൻ ആവശ്യമായ മററു താല്കാലികമായ വ്യവസ്ഥകൾ ഉണ്ടാക്കാം. എന്നാൽ ഹൈക്കോടതിയുടെ ഒരധികാരവും രാഷ്ട്രപതിക്ക് ഏറ്റെടുക്കാവുന്നതല്ല

ചോ: ഹൈക്കോടതിയെ സംബന്ധിക്കുന്നതായ ഈ ഭരണഘടനയിലെ ഏതെങ്കിലും നടപടിയുടെ പ്രവർത്തനത്തെ ഭാഗികമായോ, മുഴുവനായോ, ഒഴിവാക്കാൻ രാഷ്ട്രപതിക്ക് കഴിയുമോ?

ഉ: ഇല്ല.

ചോ: തുടർന്നുള്ള വിളമ്പരത്താൽ ആ വിളമ്പരം തടയാനോ, മോടിപിടിപ്പിക്കാനൊ സാധിക്കുമോ?

ഉ: ഉണ്ട്.

ചോ: എല്ലാ വിളമ്പരവും ഇരുസഭകളുടെ മുമ്പാകെ എത്തണം എന്ന് ഈ വകുപ്പ് പ്രകാരം അത്യാവശ്യമാണോ?

ഉ: ഉണ്ട്.

ചോ: എപ്പോഴാണ് ഈ വിളമ്പരം നിർത്തലാക്കുന്നത്?

ഉ; ആ കാലാവധിക്കുള്ളിൽ പാർലമെൻറിലെ ഇരു സഭകളിലും ഈ പ്രമേയം അംഗീകരിക്കപ്പെട്ടില്ലെങ്കിൽ 2 മാസത്തിനുശേഷം ഇതിന്റെ പ്രവർത്തനം നിറുത്തലാക്കുന്നു.

ചോ: അങ്ങനെ അംഗീകരിക്കപ്പെട്ടതായ ഒരു വിളംബരം എത്ര കാലമുണ്ടായിരിക്കും?

ഉ: വിളംബരം പുറപ്പെടുവിച്ച തീയതി മുതൽ 6 മാസക്കാലത്തേക്ക് ഇതിന്റെ പ്രവർത്തനം നിറുത്തലായില്ലെങ്കിലും തടഞ്ഞില്ലെങ്കിലും ഒരു വിളംബരം അംഗീകരിക്കപ്പെടുന്നു.

ചോ: ഈ 6 മാസ കാലാവധി വീണ്ടും ആവർത്തിച്ച് നീട്ടാമോ?

ഉ: ഉണ്ട്. പ്രവർത്തനം നിർത്തലാക്കിയ തിയ്യതിമുതൽ പാർലമെന്റിലെ ഇരുസഭകളും പാസാക്കപ്പെട്ടതായ വിളംബരം പ്രാബല്യത്തിൽ വന്നു പ്രമേയം അംഗീകരിക്കുകയാണെങ്കിൽ ഈ വിളമ്പര കാലാവധി 6മാസത്തേക്ക് കൂട്ടി നീട്ടാവുന്നതാണ്.

ചോ: 3 വർഷത്തിലധികമായി ഒരു വിളമ്പരത്തിൽ തന്നെ പ്രാബല്യത്തിൽ വരുമോ?

ഉ: ഇല്ല.

ചോ: 1987 മെയ് 11ന് പഞ്ചാബ് പ്രശ്നങ്ങളെ കുറിച്ചുള്ള കാര്യത്തിൽ പുറപ്പെടുവിച്ച വിളംബരത്തിൽ വിളമ്പരത്തിന്റെ പരമാവധി കാലാവധി 5 വർഷമായി ഉയർത്താമോ?

ഉ: ഉണ്ട്.

## 357. അടിയന്തരാവസ്ഥ പ്രഖ്യാപനമനുസരിച്ച് 356-ാം വകുപ്പ് പ്രകാരം സംസ്ഥാന നിയമസഭയുടെ അധികാരങ്ങൾ കൈകാര്യം ചെയ്യുന്നു.

ചോ: അങ്ങനെയൊരു പ്രഖ്യാപനത്തിൽ പാർലമെന്റിൽ നിക്ഷിപ്തമായ അധികാരങ്ങൾ എന്തെല്ലാം?

ഉ: 1) നിയമനിർമ്മാണമുൾപ്പെടെ സംസ്ഥാനത്തിന്റെ എല്ലാ നിയമനിർമ്മാണങ്ങളും പാർലമെന്റിൽ തന്നെ ചെയ്യും.

2) കൂടുതലായി വരുന്ന ഈ ജോലിക്ക് പാർലമെന്റിന് സൗകര്യമില്ലെന്ന് വന്നാൽ രാഷ്ട്രപതിയെ ഏല്പിക്കാം.

3) യോജിച്ച അധികാരിയെ ഈ അധികാരം ഏല്പിക്കുവാൻ രാഷ്ട്രപതിയെ അധികാരപ്പെടുത്താം.

## 358. അടിയന്തരാവസ്ഥാ സമയത്ത് 19-ാം വകുപ്പിലെ നടപടികളുടെ നിർത്തലാക്കൽ

ചോ: അടിയന്തരാവസ്ഥ നിലവിലിരിക്കുന്ന കാലത്തു ഭരണഘടനയിലെ 19-ാം വകുപ്പിൽ സംരക്ഷണം ചെയ്തിട്ടുള്ള മൗലികാവകാശങ്ങളെ നിർത്തലാക്കാൻ സംസ്ഥാനത്തിനധികാരം ഉണ്ടോ?

ഉ: ഉണ്ട്.

ചോ: അങ്ങനെ നിർമ്മിക്കപ്പെട്ടതായ ഒരു നിയമം പ്രാബല്യത്തിൽ വരുന്നത് എപ്പോഴാണ്?

ഉ: അങ്ങനെ നിർമ്മിക്കപ്പെട്ടതായ ഒരു നിയമം പ്രാബല്യത്തിൽ വരുന്നത് അടിയന്തരാവസ്ഥ വിളംബരത്തിന്റെ പ്രവർത്തനം നിർത്തലാക്കുന്നതിന്റെ ഉള്ളനെതന്നെയാണ്

ചോ: ഏതെങ്കിലും ഒരു എക്സിക്യൂട്ടീവ് കാര്യങ്ങളിൽ ഈ വകുപ്പ് ബാധകമാണോ?

ഉ: അല്ല എക്സിക്യൂട്ടീവ് അധികാരങ്ങൾ ഈ വകുപ്പിന് ബാധകമല്ല.

## 359. അടിയന്തരാവസ്ഥാ കാര്യങ്ങളിൽ 3-ാം ഭാഗത്താൽ രൂപവത്കരിക്കപ്പെട്ട അവകാശങ്ങളുടെ വളർച്ച നിറുത്തലാക്കൽ

ചോ; ഒരു അടിയന്തരാവസ്ഥ പ്രഖ്യാപനം നടന്നുകൊണ്ടിരിക്കുമ്പോൾ 3-ാം ഭാഗത്തിൽ വിവരിച്ചതായ അവകാശങ്ങളുടെ വളർച്ചയ്ക്ക് വേണ്ടി ഏതെങ്കിലും കോടതിക്ക് രാഷ്ട്രപതിയുടെ കല്പന പുറപ്പെടുവിക്കുന്നതിനുള്ള അവകാശം നിറുത്തലാക്കാമോ?

ഉ: ഇല്ല.

ചോ: ഭരണഘടനയിലെ 20, 21 ,വകുപ്പുകൾക്ക് ഈ നടപടികൾ ബാധകമാണോ?

ഉ: അല്ല.

ചോ: മൗലീക അവകാശങ്ങളുടെ പ്രാബല്യം എത്രകാലം വരെ നിറുത്തലാക്കാവുന്നതാണ്?

ഉ: ഈ വിളംബരം പ്രാബല്യത്തിൽ വരുന്ന കാലംവരെയുള്ള കാലയളവിൽ എല്ലാനടപടികളും നിർത്തലാക്കുന്നു

ചോ: ഈ വകുപ്പ് പ്രകാരം നിർമ്മിതമായ ഒരു നിയമമോ എക്സിക്യൂട്ടീവ് അധികാരമോ എപ്പോഴാണ് നിർത്തലാക്കുന്നത്?

ഉ: നിയമത്തിനുമുമ്പിൽ ഒഴിവാക്കപ്പെട്ടതും ചെയ്യേണ്ടതുമായ കാര്യങ്ങളൊഴികെ കല്പനയുടെ പെട്ടെന്നുള്ള പ്രവർത്തനം നിർത്തലാക്കുന്നതുവരെ അവയെ നിർത്തലാക്കാവുന്നതാണ്.

ചോ; ഈ വകുപ്പ് ഏതെങ്കിലും എക്സിക്യൂട്ടീവ് അധികാരത്തിന് ബാധകമാണോ?

ഉ; ഈ വകുപ്പ് ഏതൊരു എക്സിക്യൂട്ടീവ് അധികാരത്തിനും ബാധകമല്ല.

ചോ; മുകളിൽ പറഞ്ഞതായ കല്പനയ്ക്ക് ബാധകമായ പരിധി എന്താണ്?

ഉ: മുകളിൽ പറഞ്ഞതായ കല്പനയ്ക്ക് ബാധകമായ പരിധി ഇന്ത്യയിൽ മുഴുവനുമോ, ഭാഗികമോ ആണ്.

ചോ: മുകളിൽ പറഞ്ഞതായ കല്പന പ്രകാരം ഇന്ത്യയുടെ കുറച്ചുഭാഗങ്ങളിൽ മാത്രമുള്ള അടിയന്തരാവസ്ഥ വിളംബര പ്രവർത്തനം നടക്കുമ്പോൾ വേറെ ഏതെങ്കിലും ഭാഗത്തേയ്ക്ക് നീട്ടിവെയ്ക്കാൻ സാധിക്കുമോ?

ഉ: ഇല്ല.

ചോ: ഈ വകുപ്പുപ്രകാരം ഒരു കല്പന ഉണ്ടാകുമ്പോൾ എന്താണ് ചെയ്യേണ്ടത്?

ഉ: ഈ വകുപ്പ് പ്രകാരം നിർമ്മിതമായ എല്ലാ കല്പനകളും അത് നിർമ്മിതമായതിനു ശേഷം പാർലമെൻറിലെ ഇരുസഭകളുടെയും മുമ്പാകെ എടുത്തിരിക്കണം.

## 360. സാമ്പത്തിക അടിയന്തരാവസ്ഥയുടെ നടപടികൾ :-

ചോ: എപ്പോഴാണ് രാഷ്ട്രപതിക്ക് സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ സാധിക്കുന്നത്?

ഉ: ഇന്ത്യയുടെ സാമ്പത്തിക ഭദ്രതയെയോ, ആസ്തിയെയോ ബാധിക്കുന്ന ഒരു സ്ഥിതി വിശേഷമുണ്ടായിരിക്കുന്നതായി രാഷ്ട്രപതിക്ക് ബോദ്ധ്യപ്പെട്ടാൽ സാമ്പത്തികമായ അടിയന്തരാവസ്ഥ അദ്ദേഹത്തിന് പ്രഖ്യാപിക്കാവുന്നതാണ്.

ചോ: ഈ വകുപ്പുപ്രകാരം പുറപ്പെടുവിച്ചതായ ഒരു വിളംബരത്തിനെ പിന്നീടുള്ള വിളംബരം അനുസരിച്ച് തടയാനോ, മോടിപിടിപ്പിക്കാനോ സാദ്ധ്യമാണോ?

ഉ: സാദ്ധ്യമാണ്.

**ചോ: ഇത് പാർലമെൻറിലെ ഇരു സഭകളുടേയും മുമ്പാകെ സമർപ്പിക്കണമോ?**

ഉ: സമർപ്പിക്കണം.

**ചോ; എപ്പോഴാണ് ഈ പ്രവർത്തനം നിർത്തലാക്കാൻ പറയുന്നത്?**

ഉ: അതിൻെറ കാലാവധിക്കു മുമ്പായി ഈ പ്രമേയം പാർലമെൻറിലെ ഇരുസഭകളാലും അംഗീകരിക്കപ്പെടുന്നില്ലെങ്കിൽ 2 മാസ കാലാവധിയാകുമ്പോഴേക്കും ഈ പ്രവർത്തനം നിർത്തലാക്കുന്നു.

**ചോ; സാമ്പത്തിക അടിയന്തരാവസ്ഥ വിളംബരം പ്രാവർത്തികമാകുമ്പോൾ യൂണിയൻെറ എക്സിക്യൂട്ടീവ് അധികാരങ്ങൾ നീട്ടിവയ്ക്കാമോ?**

ഉ; ഉവ്വ്.

**ചോ: രാഷ്ട്രപതിയാൽ പ്രഖ്യാപിക്കപ്പെട്ട നേതൃത്വത്തിൽ എന്തെല്ലാം വസ്തുതകൾ ഉൾപ്പെടുത്താവുന്നതാണ്?**

ഉ; a) സാമ്പത്തികമായ അടിയന്തരാവസ്ഥ കാലത്ത് രാഷ്ട്രപതിക്ക് ഭദ്രമായ സാമ്പത്തിക സ്ഥിതി കൈവരിക്കാൻ വേണ്ട എല്ലാനിർദ്ദേശങ്ങളും സംസ്ഥാനങ്ങൾക്ക് നൽകാവുന്നതാണ്.

b) ഈ നിർദേശങ്ങളിൽഗവൺമെൻറുദ്യോഗസ്ഥൻമാരുടെ ശമ്പളവും അലവൻസുകളും വെട്ടിച്ചുരുക്കുന്നതുമുൾക്കൊള്ളും

**ചോ; സാമ്പത്തികമായ അടിയന്തരാവസ്ഥക്കാലത്ത് രാഷ്ട്രപതിക്ക് ഭദ്രമായ സാമ്പത്തിക സ്ഥിതി കൈവരിക്കാനും സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാരുടെ ശമ്പളവും അലവൻസും വെട്ടിച്ചുരുക്കാനും രാഷ്ട്രപതിക്ക് അധികാരമുണ്ടോ?**

ഉ; ഉണ്ട്.

# ഭാഗം 19 പലവക

## *361. രാഷ്ട്രപതിയുടെയും ഗവർണറിന്റെയും രാജപ്രമുഖൻമാരുടെയും സംരക്ഷണം*

**ചോ; ഒരു രാഷ്ട്രപതിയും സംസ്ഥാന ഗവർണ്ണറും ഏതെങ്കിലും കോടതി മുമ്പാകെ ഉത്തരം പറയേണ്ടതാണോ?**

ഉ: തന്റെ ഔദ്യോഗികകടമകളുടെയും അധികാരങ്ങളുടെയും അവതരണത്തിനും പ്രവർത്തനത്തിനും വേണ്ടി രാഷ്ട്രപതിയോ സംസ്ഥാനഗവർണറോ' കോടതി മുമ്പാകെ ഉത്തരം പറയേണ്ടതില്ല

**ചോ: 61-ാം വകുപ്പ് പ്രകാരം ഒരു കുററ പത്രത്തിന്റെ അന്വേഷണത്തിനു വേണ്ടി പാർലമെൻറിലെ ഇരുസഭകളാലും നിയമിതമായ ബോഡിയോ ട്രിബ്യൂണലോ ഏതെങ്കിലും കോടതിയാൽ രാഷ്ട്രപതിയുടെ സ്വഭാവം കൊണ്ടുവരാമോ?**

ഉ: ഉവ്വ്

**ചോ: സംസ്ഥാന ഗവൺമെൻറിനോ, ഇന്ത്യാഗവൺമെൻറിനോ, വിപരീതമായ നടപടികൾ കൊണ്ടുവരാൻ ഏതൊരുവ്യക്തിയുടെ അവകാശത്തെയും ഈവകുപ്പിന് നിയന്ത്രണപ്പെടുത്താമോ?**

ഉ: ഇല്ല,

**ചോ: രാഷ്ട്രപതിക്കും, സംസ്ഥാനഗവർണർക്കും എതിരായി ഏതെങ്കിലും ഒരു ക്രിമിനൽ നടപടികൾക്ക് പ്രേരിതപ്പെടുത്താമോ?**

ഉ: അവരുടെ ഔദ്യോഗിക കാലയളവിൽ ഒരു ക്രിമിനൽ നടപടികളും പ്രേരിതപ്പെടുത്തുന്നില്ല.

ചോ: രാഷ്ട്രപതിക്കു, സംസ്ഥാന ഗവർണർക്കുമായി അവരുടെ അറസ്റ്റിനും, തടവിലിടുന്നതിനും വേണ്ടി ഏതെങ്കിലും കോടതിക്ക് ഏതെങ്കിലും ഒരു നടപടി സ്വീകരിക്കാനാവുമോ?

ഉ: ഇല്ല.

## 361A. പാർലമെൻറിൻെറയും സംസ്ഥാന നിയമസഭയുടെയും നടപടികളുടെയും വിജ്ഞാപനത്തിൻെറയും സംരക്ഷണം

ചോ: പാർലമെൻറിൻെറ ഇരു സഭകളുടെയോ, സംസ്ഥാന നിയമ സഭകളുടെയോ പ്രവർത്തനത്തിൻെറ സത്യസന്ധമായ വാർത്ത പ്രസിദ്ധീകരിക്കുന്നത് സിവിലായോ ക്രിമിനലായോ ശിക്ഷാർഹമാണോ?

ഉ: അല്ല. വ്യാജമായ വാർത്തയാണ് ഇരുസഭകളെ കുറിച്ചും പ്രസിദ്ധീകരിച്ചിരിക്കുന്നതെന്ന് തെളിഞ്ഞാൽ സിവിലായും ക്രിമിനലായും നടപടി സ്വീകരിക്കാവുന്നതാണ്.

ചോ: പാർലമെൻറിൻെറയോ, നിയമ സഭയുടെയോ ഒരു രഹസ്യ യോഗത്തിൻെറ റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ ഈ നിയമം വഴി സാധിക്കുമോ?

ഉ: ഇല്ല.

ചോ: മേൽപറഞ്ഞ നിയമം പത്രങ്ങളിൽ പ്രസിദ്ധീകരിക്കാൻ പാടില്ലാത്തതു പോലെ റേഡിയോ വഴിയോ, ഫോൺ വഴിയോ ടെലഗ്രാം വഴിയോ പ്രസിദ്ധീകരിക്കുന്നതിനും ബാധകമാണോ?

ഉ: ഉണ്ട്.

ചോ: വർത്തമാനപത്രം എന്നു പറഞ്ഞാൽ പത്രത്തിൽ പ്രസിദ്ധീകരിക്കുവാൻ തയ്യാറാക്കിയിരിക്കുന്ന വാർത്ത ഉൾപ്പെടുമോ?

ഉ: ഉവ്വ്.

*362. ഇന്ത്യാ സംസ്ഥാനത്തിലെ ഭരണാധികാരിയുടെ അവകാശങ്ങളും ഗുണനിലവാരങ്ങളും (ഭരണഘടനയാൽ റദ്ദു ചെയ്തത്)*

*363. ചില ഉടമ്പടികളിൽ നിന്നും വ്യവസ്ഥകളിൽ നിന്നും ഉണ്ടാകുന്നതായ തർക്കങ്ങളിൽ കോടതിയാൽ ഇടപെടുന്നതിനുള്ള തടസ്സം.*

ചോ; സുപ്രീം കോടതിക്കോ മറ്റേതെങ്കിലും കോടതിക്കോ ചില ഉടമ്പടികളിൽ നിന്നും,വ്യവസ്ഥകളിൽ നിന്നും ഉണ്ടാകുന്നതായ തർക്കങ്ങളിൽ ഇടപെടാൻ സാധിക്കുമോ?

ഉ: ഇല്ല.

*363A. ഇതു നിർത്തലാക്കുന്നതിനും നശിപ്പിക്കുന്നതിനുമായി ഇന്ത്യൻ സംസ്ഥാനത്തിലെ ഭരണാധികാരികൾക്ക് അനുവദിക്കപ്പെട്ട അംഗീകാരം:-*

ചോ: മുമ്പ് രാഷ്ട്രപതിയാൽ അംഗീകരിക്കപ്പെട്ട ഇന്ത്യാ സംസ്ഥാനത്തിലെ ഭരണാധികാരിയെയോ അവരുടെ പിൻഗാമിയെയോ ഏതൊരു വ്യക്തിക്കും, മുഖ്യനും, രാജകുമാരനും പിന്നീട് ഭരണാധികാരിയായോ അവരുടെ പിൻഗാമികളായോ അംഗീകരിക്കാമോ?

ഉ: ഉവ്വ്.

ചോ: എപ്പോൾ മുതലാണ് അവർ രാഷ്ട്രപതിയാൽ ഇങ്ങനെ അംഗീകരിക്കപ്പെടുന്നത്?

ഉ: 1971-ലെ ഭരണഘടനയുടെ ആവിർഭാവത്തിൽ നിന്നും ആണ് ഇങ്ങനെ അംഗീകരിക്കപ്പെടുന്നത്

ചോ: എപ്പോൾ മുതലാണ് അവ നശിപ്പിക്കപ്പെടുന്നത്?

ഉ: 1971-ലെ ഭരണഘടനയുടെ ആവിർഭാവത്തിൽ നിന്നും ആണ് ഇവ നശിപ്പിച്ചത്.

ചോ; ഇങ്ങനെ നശിപ്പിച്ചതിന്റെ അനന്തര ഫലം എന്താണ്?

ഉ: ഒരു ഇന്ത്യൻ ഭരണകർത്താവിനും തന്റെ പിൻഗാമിക്കു് ഒരു തുകയും പ്രിവിപേഴ്സായി കൊടുക്കേണ്ട ആവശ്യമില്ല.

*364. മേജർ പോർട്ടിനും എയറോഡ്രോമിനുമുള്ള പ്രത്യേക നടപടികൾ:-*

ചോ: ഏതെങ്കിലും പ്രധാന തുറമുഖത്തിനോ, വിമാനത്താവളത്തിനോ ബാധകമായ നിയമം പാർലമെന്റോ, നിയമ നിർമ്മാണസഭയോ പാസാക്കിയാൽ രാഷ്ട്രപതി വിജ്ഞാപനം നടത്താമോ?

ഉ: ഉവ്വ്.

*365. കേന്ദ്രത്തിനാൽ നൽകപ്പെട്ട നിർദ്ദേശങ്ങൾക്ക് ഫലം നൽകുകയും, ഫലത്തിൽ പരാജയം നൽകുകയും ചെയ്യുക.*

ചോ: മേൽപറഞ്ഞ പ്രകാരം സംഭവിച്ചാൽ എന്താണ് ചെയ്യേണ്ടത്?

ഉ: ഇങ്ങനെയുള്ള അവസ്ഥയിൽ സംസ്ഥാന ഗവൺമെന്റിന് ഈ ഭരണഘടനയിലെ നടപടികളോട് കൂടി നിയമങ്ങൾ വഹിക്കാൻ സാധ്യമല്ല.

## 366. നിർവ്വചനങ്ങൾ.

ഈ ഭരണഘടന പ്രകാരം താഴെ പറയുന്നതായ പദങ്ങളുടെ അർത്ഥം വെളിപ്പെടുത്താവുന്നതാണ്.

1) 'കാർഷികവരുമാനം':- ഇന്ത്യൻ വരുമാന നികുതിയെ സംബന്ധിക്കുന്നതായ നിയമനിർമ്മാണങ്ങളുടെ ലക്ഷ്യത്തിനു വേണ്ടി വിവരിച്ചതായ വാർഷികവരുമാനമാണ് ഉൾപ്പെടുന്നത്.

2) 'ആംഗ്ലോ ഇന്ത്യൻ' ഏതൊരു വ്യക്തിയുടെയും പിതാവോ അല്ലെങ്കിൽ ഏതെങ്കിലും പുരുഷനോ, യൂറോപ്യൻ വംശത്തിൽ ജനിക്കുകയും, എന്നാൽ ആവ്യക്തി ഇന്ത്യൻ ഭരണ പ്രദേശങ്ങളിൽ വസിക്കുകയും അതുപോലെ രക്ഷിതാവിന്റെ ഭരണപ്രദേശത്ത് താല്ക്കാലികമായി വസിക്കുകയും ചെയ്തിരിക്കണം.

3) 'വകുപ്പ്':- ഭരണഘടനയിലെ വകുപ്പാണ് ഉദ്ദേശിച്ചത്.

4) 'കടം വാങ്ങുക':- വാർഷിക വേതനത്തിന്റെ അനുമതിയാൽ പണം വർദ്ധിക്കുന്നതും, ലോണും ഉൾപ്പെടുന്നു.

5) 'വകുപ്പ്' :- ഭരണഘടനയിലെവകുപ്പിനുള്ളിലുള്ള വക തിരിവ്.

6) 'കോർപറേഷൻ ടാക്സ്':- വരുമാനത്തിനുള്ള ഏതെങ്കിലും നികുതി. ഈ നികുതി, കമ്പനിയാൽ അടച്ചിരിക്കണം

7) സാമ്യമായ പ്രദേശം:- സാമ്യമായ ഇന്ത്യൻ സംസ്ഥാനം.

'സാമ്യമായ സംസ്ഥാനം':- രാഷ്ട്രപതിയാൽ തീരുമാനിക്കുന്നതായ ചോദ്യത്തിലെ പ്രത്യേക ലക്ഷ്യത്തിനു വേണ്ടിയുള്ള സാമ്യമായ സംസ്ഥാനത്തിനെയോ, ഇന്ത്യൻ സംസ്ഥാനത്തിനെയോ ആണ് ഉദ്ദേശിക്കുന്നത്.

8) 'കടബാദ്ധ്യത':- വാർഷിക പണത്താൽ തിരിച്ചടക്കേണ്ടതായ ഏതെങ്കിലും കടമകളെക്കുറിച്ചുള്ള ബാദ്ധ്യതയോ, ഏതെങ്കിലും ഉറപ്പിലുള്ള ബാദ്ധ്യതയോ താരതമ്യേന പരിഗണിക്കപ്പെടുന്നു.

9) 'എസ്റ്റേററ് കടമ':-മുഖവിലയുടെ പരാമർശത്തിനുവേണ്ടി കുറമായിട്ടുള്ള കടമയാണിത്. പാർലമെൻറിനാൽ നിർമ്മിതമായതും ആ നിയമങ്ങളുടെ നടപടികളനുസരിച്ച് പാസ്സാക്കപ്പെട്ടതായ കടമകളെ എസ്റ്റേററ് കടമയെന്നു പറയുന്നു.

10) 'നിലവിലുള്ള നിയമം':- എന്നാൽ ഓർഡിനൻസ് മൂലമോ, നിയമം മൂലമോ, അധികാരമുള്ളവർ ഭരണഘടന നിർമ്മിക്കുന്നതിന് മുമ്പ് നടപ്പിലാക്കിയിരുന്നത്.

11) 'ഫെഡറൽ കോടതി':- 1935 ലെ ഇന്ത്യാ ഗവൺമെൻറ് ആക്ററ് പ്രകാരം രൂപവൽക്കരിച്ചതായ ഫെഡറൽ കോടതിയാണ് ഉദ്ദേശിക്കുന്നത്.

12) 'സാധനങ്ങൾ':- എല്ലാ വസ്തുക്കളും, കമ്പോള സാധനങ്ങളും മററ് വകുപ്പുകളും അതിലുൾപ്പെടുന്നു

13) 'ഗ്യാരണ്ടി':- പ്രത്യേകമായ ഒരു തുകയുടെ ഈ പതനത്തിൽ ഈ ഭരണഘടനയുടെ ആവിർഭാവത്തിനു മുമ്പുള്ളതായ ഏതെങ്കിലും കടമയുടെ ധനമൂല്യമാണ്.

14) 'ഹൈക്കോടതി':-ഒരു സംസ്ഥാനത്തിൽ ഭരണഘടനയുടെ ഉദ്ദേശത്തിനുവേണ്ടി കരുതപ്പെടുന്ന ഏതൊരു കോടതിയെയും ഹൈക്കോടതി എന്നു വിളിക്കുന്നു.

15) 'ഇന്ത്യൻസംസ്ഥാനം':-ഇന്ത്യയുടെ അധീശാധികാരത്തിലുള്ള ആ സംസ്ഥാനത്തിൻെറ അംഗീകരിക്കപ്പെട്ട ഗവൺമെൻറിൻെറ ഏതെങ്കിലും ഒരു കേന്ദ്രഭരണ പ്രദേശമാണിത്.

16) 'ഭാഗം':- ഭരണഘടനയിലെ ഒരു ഭാഗമാണിത്.

17) 'പെൻഷൻ':- റിട്ടയർഡ് ചെയ്ത ഒരാൾക്കോ, തിരിച്ചുവരവിനുവേണ്ടി ഒരാൾക്കോ, ഒരാളുടെ സമ്മതം കൂടാതെ കൊണ്ടോ, പ്രോവിഡൻസ് ഫണ്ടിലെ ഒരു കൈ

പിടിയായോ, ഉപയോഗിക്കുന്നതിനെ പെൻഷൻ എന്ന തുകൊണ്ട് ഉദ്ദേശിക്കുന്നു.

18) 'അടിയന്തരാവസ്ഥ വിളംബരം:- 352-ാംവകുപ്പിൽ 1-ാം പട്ടികയിൽ വിവരിച്ചത് പോലെയാണ് ഇവ.

19) 'പൊതു വിജ്ഞാപനം':- ഇന്ത്യയുടെ ഗസററിലെ വിജ്ഞാപനമോ, സംസ്ഥാനത്തിലെ ഔദ്യോഗിക ഗസററിലെ വിജ്ഞാപനമോ ആണ് ഉദ്ദേശം

20) 'റെയിൽവേ'- എന്നാൽ ഇന്ത്യൻ പാർലമെൻറ് നിയമം വഴി പ്രഖ്യാപിച്ചത് മാത്രമാണ്.

21) ഏഴാം ഭരണഘടനാഭേദഗതി, പ്രകാരം 1956സെപ്ററംബർ 29ന് 21-ാംവകുപ്പ് നീക്കം ചെയ്യപ്പെട്ടു

22) 'ഭരണകർത്താവ്':- രാജാവ്, മുഖ്യൻ അല്ലെങ്കിൽ മററു വ്യക്തികൾ 1971 ലെ ഭരണഘടന ആക്ററിന്റെ ആവിർഭാവത്തിനു മുമ്പ് രാഷ്ട്രപതി അംഗീകരിച്ചതായ ഭരണകർത്താവിനെ അംഗീകരിക്കുന്നു.

23) ഷെഡ്യൂൾ :-ഭരണഘടനയിലെ ഷെഡ്യൂൾ എന്നതാണ് ഉദ്ദേശം.

24) 'പട്ടികജാതി:-341-ാം വകുപ്പ് പ്രകാരമുള്ള ജാതി, വർഗ്ഗ, മത, ഗിരിവർഗ്ഗക്കാരെയാണ് ഉദ്ദേശിച്ചത്.

25) 'പട്ടിക വർഗ്ഗം:-341-ാം വകുപ്പ് പ്രകാരം ഭരണഘടനയുടെ ലക്ഷ്യത്തിനുവേണ്ടിയുള്ളതായ ഗിരിവർഗ്ഗവും,ഗിരിവർഗ്ഗ സമുദായവുമായഗ്രൂപ്പുകളെയാണ് ഉദ്ദേശിച്ചത്,

26) 'സെക്യൂരിററി':- സ്റേറാക്കും ഉൾപ്പെടുന്നു.

27) 'ഉപവകുപ്പ്':- ഒരു വകുപ്പിലെ വിഭജനം,

28) 'നികുതി:-പൊതുവായതോ, അല്ലാത്തതോ ആയ നികുതിയുടെ നടപ്പാക്കൽ ആണ് ഇത്.

29) 'വരുമാനത്തിനുള്ള നികുതി':- വസ്തുക്കളുടെ കൈമാററത്തിന്റെ നികുതിയോ. ഇൻസ്റ്റാൾ മെൻറിലെ സാധനങ്ങളുടെ കൈമാററ നികുതിയോ, മുതലായവ ഉൾപ്പെടുന്നു.

30) 'കേന്ദ്രഭരണം':—1ാം പട്ടികയിൽ പ്രതിപാദിച്ചതും ഇന്ത്യൻ ഭരണപ്രദേശത്തിലെ ഏതൊരു ഭരണപ്രദേശവും ഉൾക്കൊള്ളുന്നു.

## 367. വ്യാഖ്യാനം:-

ചോ: ഭരണഘടനയുടെ വ്യാഖ്യാനത്തിനു വേണ്ടി ബാധകമായ നിയമം ഏതാണ്?

ഉ: 1897 ലെ പൊതു വകുപ്പ് ആക്ററ് ആണ് ഭരണഘടനയുടെ വ്യാഖ്യാനത്തിന് ബാധകമായ നിയമം.

ചോ: ഭരണഘടനയുടെ ഉദ്ദേശ്യത്തിനു വേണ്ടി വിദേശ രാഷ്ട്രമെന്നതിന്റെ അർത്ഥം എന്താണ്?

ഉ: ഇന്ത്യയല്ലാതുള്ള മററു രാജ്യങ്ങൾ എന്നർത്ഥമാകുന്നു.

ചോ: രാഷ്ട്രപതിക്ക് വിദേശ രാഷ്ട്രമല്ലാതെ ഏതെങ്കിലും സംസ്ഥാനത്തിനുവേണ്ടി കല്പനകൾ പുറപ്പെടുവിക്കാമോ?

ഉ: പാർലമെൻറിനാൽ നിർമ്മിതമായ ഏതൊരു നിയമത്തിന്റെ നടപടികൾപ്രകാരം രാഷ്ട്രപതിക്ക് ഇത് സാധ്യമാകുന്നതാണ്.

# ഭാഗം 20 ഭരണഘടനയുടെ ഭേദഗതി

## 368 ഭരണഘടനയും നടപടികളും ഭേദഗതി ചെയ്യുന്നതിൽ പാർലമെൻറിന്റെ അധികാരം:-

ചോ: പാർലമെൻറിന്റെ ഭരണഘടനാധികാരം കൊണ്ട് ഈ ഭരണഘടനയിലെ ഏതെങ്കിലും നടപടികൾ ഭേദഗതി ചെയ്യുവാൻ സാധിക്കുമോ?

ഉ: ഭരണഘടനയിലെ ഏതെങ്കിലും നടപടികൾ ഈ വകു

**ചോ: ഈ വകുപ്പ് പ്രകാരം ഈ ഭരണഘടനയിൽ നിർമ്മിതമായഏതെങ്കിലും ഭേദഗതി, ഏതെങ്കിലും കോടതിമുമ്പാകെ ചോദ്യം ചെയ്യാനാവുമോ?**

ഉ: ഈ ഭരണഘടനയിൽ നിർമ്മിതമായ ഒരു ഭേദഗതിയും ഒരു കോടതിയുടെയും മുമ്പാകെ ഒരു കാരണത്താലും ചോദ്യം ചെയ്യാനവുന്നതല്ല.

**ചോ: ഈ വകുപ്പു പ്രകാരം ഭരണഘടനയിലെ ഏതെങ്കിലും ക്രമീകരണം ഭേദഗതി ചെയ്യാനുള്ള പാർലമെൻറിൻെറ അധികാരത്തിന് കാലയളവ് (കാലപരിധി) ബാധകമാണോ?**

ഉ; ഈ വകുപ്പു പ്രകാരം ഏതൊരു ക്രമീകരണത്തിൻെറയും ഭേദഗതിയിലും, കൂട്ടിച്ചേർക്കലിലും, റദ്ദു ചെയ്യലിലും ഒരു കാലപരിധിയും ഇല്ല

## ഭാഗം 21 ശീർഷകം ആവിർഭാവം ഹിന്ദിയിൽ ആധികാരികത്വം റദ്ദു ചെയ്യൽ

### *393. ശീർഷകം*

**ചോ: എങ്ങനെയാണ് ഭരണഘടനയുടെ പേര് വരേണ്ടത്?**

ഉ; ഭരണഘടന ഇന്ത്യൻ ഭരണഘടന എന്ന പേരിലാണറിയപ്പെടുന്നു.

### *394. ആവിർഭാവം*

**ചോ; ഭരണഘടനയിലെ ഏതെല്ലാം വകുപ്പുകളാണ്പെട്ടെന്ന് ആവിഷ്കരിച്ചത്?**

ഉ: 5, 6, 7, 8, 9, 60, 324, 366, 367, 379, 380, 388, 391, 392 എന്നീ വകുപ്പുകളാണ് വളരെ പെട്ടെന്ന് ആവിഷ്കരിച്ചത്, ഭരണഘടനയിലെ മററു വകുപ്പുകൾ 1950 ജനുവരി 26 ന് ആണ് ആവിർഭാവം കൊണ്ടത്. ഈ ദിവസമാണ് ഭരണഘടനയുടെ ആവിർഭാവ ദിവസമായി കണക്കാക്കുന്നത്.

## 394A. ഹിന്ദിഭാഷയിൽ ആധികാരികപാഠം:-

**ചോ: ഈ ഭരണഘടനയെ ഹിന്ദിഭാഷയിലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുവാൻ ആരാണ് ആധികാരികമായി അവകാശപ്പെട്ടത്?**

ഉ: രാഷ്ട്രപതിയാണ് ഇതിന് ആധികാരികമായി അവകാശപ്പെട്ടത്.

**ചോ: ഇംഗ്ലീഷ് ഭാഷയിലുള്ളതായ ഈ ഭരണഘടനയുടെ എല്ലാ ഭേദഗതികളെയും ഹിന്ദിയിലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുവാനുള്ള അധികാരം രാഷ്ട്രപതിക്കുണ്ടോ?**

ഉ: ഉണ്ട്.

**ചോ: എങ്ങനെയാണ് ഈ ഭരണഘടനയുടെ തർജ്ജിമയും എല്ലാ ഭേദഗതിയും ഈ വകുപ്പു പ്രകാരം പ്രസിദ്ധീകരിക്കാൻ രൂപവൽക്കരിക്കപ്പെട്ടത്?**

ഉ: അസ്സൽ രൂപത്തിൽ തന്നെയാണ് തർജ്ജിമ ചെയ്ത് രൂപീകരിക്കുന്നത്.

**ചോ: തർജ്ജമയുടെ ഏതെങ്കിലും ഭാഗത്തിൽ ഒരു ബുദ്ധിമുട്ട് വന്നാൽ എന്താണ് ചെയ്യേണ്ടത്?**

ഉ: അങ്ങനെ സംഭവിച്ചാൽ രാഷ്ട്രപതി അതിനെ ശരിയായ വിധം ആവർത്തിച്ച് ശരിയാക്കുന്നു.

ചോ: ഇങ്ങനെ തർജ്ജമ ചെയ്ത ഭരണഘടനയും ഈ വകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ച എല്ലാം ഭേദഗതിയും ഹിന്ദിഭാഷയിലെ ആധികാരികതയുമായി പരിഗണിക്കാമോ?

ഉ: 'ഉവ്വ്'.

**395 റദ്ദു ചെയ്യൽ:-**

ചോ: ഈ വകുപ്പുകൾ പ്രകാരം റദ്ദു ചെയ്ത ആക്റ്റുകൾ ഏതെല്ലാം?

ഉ: 1647-ലെ ഇന്ത്യൻ സ്വാതന്ത്ര്യ നിയമവും, 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്റ്റും റദ്ദു ചെയ്ത ആക്റ്റുകളാണ്

ചോ: ഈ വകുപ്പ് പ്രകാരം റദ്ദ് ചെയ്യപ്പെടാത്ത ആക്റ്റ് ഏതാണ്?

ഉ: 1949-ലെ പ്രിവി സമിതി അധികാരപരിധി നിർത്തലാക്കുന്ന നിയമമാണ് റദ്ദു ചെയ്യപ്പെടാത്ത ആക്റ്റ്.

Digitized by Thomas John Palekkudy for and on behalf of NILA Educational & Entrepreneurial Services Pvt. Ltd.

Thomas John Palekkudy

# കൺസ്യൂമർ ന്യൂസ് പ്രസിദ്ധീകരണങ്ങൾ

1. ഉപഭോക്തൃസംരക്ഷണ നിയമം സാധാരണക്കാരന്റെ നിയമം — വില 2 രൂപ
2. വനിതകളും ഉപഭോക്തൃ സംരക്ഷണനിയമവും — വില 2 രൂപ
3. ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കുന്നതെങ്ങനെ? — വില 5 രൂപ
4. പോലീസും ജനങ്ങളും — വില 5 രൂപ
5. അളവുകളും തൂക്കങ്ങളും ഒരു വിശദീകരണം — വില 2 രൂപ
6. മായം ചേർക്കൽ കണ്ടുപിടിക്കുന്നതെങ്ങനെ? — വില 2 രൂപ
7. തിരഞ്ഞെടുത്ത തർക്കപരിഹാര ഫോറം വിധികൾ — വില 5 രൂപ
8. ബസ്സും ഉപഭോക്താവും — വില 5 രൂപ
9. ഉപഭോക്തൃ സംരക്ഷണ നിയമം 1986, 1993 ലെ ഭേദഗതികൾ ഉൾപ്പെടെ — വില 3 രൂപ
10. എന്തിനെല്ലാം പരാതി സമർപ്പിക്കാം? — വില 2 രൂപ
11. ഉപഭോക്താക്കൾ അറിയേണ്ടും കാര്യങ്ങൾ — വില 2 രൂപ
12. വിജ്ഞാപന വിപ്ലവം — വില 25 രൂപ
13. യുവതീയുവാക്കൾ അറിയേണ്ടും കാര്യങ്ങൾ — വില 10 രൂപ
14. ഹായ് ഐസ്ക്രീം (നിയമം കുട്ടികൾക്ക്) — വില 3 രൂപ
15. അഭിഭാഷകരെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? — വില 5 രൂപ
16. ലഹരിയും ഉപഭോക്താവും — വില 2 രൂപ
17. കർഷകനും ഉപഭോക്തൃ സംരക്ഷണ നിയമവും — വില 3 രൂപ
18. വൈദ്യുതിയും ഉപഭോക്താവും — വില 5 രൂപ
19. കെട്ടിടനിർമ്മാണവും ഉപഭോക്തൃസംരക്ഷണ നിയമവും — വില 5 രൂപ
20. പ്ലാസ്റ്റിക് — വില 5 രൂപ
21. ഇതാ നമ്മൾ രാജാക്കൻമാർ — വില 1 രൂപ
22. അറസ്റ്റ് (നിയമം കുട്ടികൾക്ക്) — വില 3 രൂപ
23. അറസ്റ്റ്-നിങ്ങളുടെ അവകാശങ്ങൾ — വില 5 രൂപ
24. എയ്ഡ്സ് — വില 5 രൂപ
25. പഞ്ചായത്തീരാജും-ഉപഭോക്താവും — വില 5 രൂപ
26. ഇന്ത്യൻ ഭരണഘടന (സാധാരണ ജനങ്ങൾക്ക്) — വില 100 രൂപ
27. ടെലിഫോണും ഉപഭോക്തൃ സംരക്ഷണനിയമവും — വില 10 രൂപ
28. സ്ത്രീകളും ഇന്ത്യൻ ഭരണഘടനയും — വില 5 രൂപ
29. പൊതു താല്പര്യ വ്യവഹാരം — വില 15 രൂപ
30. സമ്മാനം [ഉപഭോക്തൃസംരക്ഷണ പ്രവർത്തകർക്കുള്ള ഗൈഡ്] — വില 60 രൂപ